ലക്ഷംവീടു പദ്ധതിയനുസരിച്ച് നിർമ്മിച്ചിട്ടുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ

* 336. [395] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ലക്ഷംവീടു പദ്ധതിയനുസരിച്ച് നിർമ്മിച്ചിട്ടുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സർക്കാർ എന്തെങ്കിലും സഹായം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു സഹായമാണ് ചെയ്യുന്നത് ;

(സി) ഇല്ലെങ്കിൽ സഹായം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) പരിമിതമായ വിഭവശേഷിക്കുള്ളിൽ നിന്നുകൊണ്ട് 'മോശമായ വീടുകൾ മെച്ചപ്പെടുത്തൽ പദ്ധതി' പ്രകാരം അർഹതയുടെ അടിസ്ഥാനത്തിൽ ഓരോ ഗുണഭോക്താവിനും 1,500 രൂപവരെ വായ്പ നൽകുന്നുണ്ട്. വായ്പ 5% പലിശയ്ക്കും 10 വർഷം കൊണ്ട് തിരിച്ചടയ്ക്കണം.

(സി) ചോദ്യം ഉദിക്കുന്നില്ല.

ജെം കോർപ്പറേഷൻ

* 337. [396] ശ്രീ. എം. കെ. കേശവൻ :

,, കെ. ആർ. ചന്ദ്രമോഹനൻ :

,, കെ. ടി. കണാരൻ :

,, കെ. പി. പ്രഭാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേരളത്തിൽ ജെം കോർപ്പറേഷൻ സ്ഥാപിക്കുവാൻ ഗവൺമെന്റ് നടപടി എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചു ;

(സി) ഒരു ജെം വ്യവസായം തുടങ്ങുന്നതിന് അടിസ്ഥാനമായ അസംസ്കൃത വിഭവം എത്രയുണ്ടെന്ന് കണക്കാക്കാൻ സർവേ നടത്തിയിട്ടുണ്ടോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ഇപ്പോൾ ഉദ്ദേശമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ കണ്ടുവരുന്ന രത്നക്കൽ നിക്ഷേപത്തെക്കുറിച്ച് ഒരു പഠനം, കെ. എം. ഇ. ഡി. പി. 1978-നും 1980-നും ഇടയ്ക്ക് നടത്തുകയുണ്ടായി. ഈ നിക്ഷേപം എത്രയുണ്ടെന്ന് കൃത്യമായി തിട്ടപ്പെടുത്തുവാൻ സാങ്കേതികമായി പ്രയാസമാണ്. ഈ നിക്ഷേപം എവിടെയൊക്കെയുണ്ടെന്ന് കണ്ടുപിടിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly